II ഇ.ബി. XIV - കേരള നിയമസഭ/XXII-1

# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 ജനുവരി 12, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

1(*1 &*8) അഴിമതിക്കേസുകളിലെ അന്വേഷണം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, നിലവിലെ നിയമസഭാംഗങ്ങളായ ശ്രീ വി. എസ്. ശിവകുമാർ, ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, ശ്രീ. കെ. എം. ഷാജി, ശ്രീ. പി. ഉണ്ണി, ശ്രീമതി യു. പ്രതിഭ എന്നിവർക്കെതിരെ വിജിലൻസ് കേസുകളുണ്ടെന്നും അതിൽ ശ്രീ. വി. എസ്. ശിവകുമാർ, ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, ശ്രീ. കെ. എം. ഷാജി എന്നിവർക്കെതിരെയുള്ള കേസ്

അന്വേഷണഘട്ടത്തിലാണെന്നും ശ്രീ. പി. ഉണ്ണിക്കെതിരായ കേസിന്റെ അന്വേഷണ റിപ്പോർട്ട് സൂക്ഷ്മപരിശോധനയിലാണെന്നും ശ്രീമതി യു. പ്രതിഭക്കെതിരെയുള്ള കേസിന്റെ അന്വേഷണം ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണെന്നും ശ്രീ. എം. സി. കമറുദ്ദീനെതിരെ 149 വഞ്ചന കേസുകളും ശ്രീ. പി. വി. അൻവർ, ശ്രീമതി ഇ. എസ്. ബിജിമോൾ എന്നിവർക്കെതിരെ ഒരോ കേസ് വീതം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ബാറുടമയായ ശ്രീ. ബിജുരമേശ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബാർ ലൈസൻസ് ഫീസ് കൂട്ടാതിരിക്കാൻ അന്നത്തെ കെ.പി.സി.സി. പ്രസിഡന്റായിരുന്ന ഇപ്പോഴത്തെ പ്രതിപക്ഷ നേതാവിന് കൈക്കൂലി നൽകിയെന്ന കേസിന്മേലും പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് വച്ചുനൽകുന്ന പുനർജനി പദ്ധതിയുടെ ധനശേഖരണാർത്ഥം ശ്രീ. വി. ഡി. സതീശൻ നടത്തിയ വിദേശയാത്രകളും വിദേശ ഫണ്ട് വാങ്ങലും സംബന്ധിച്ച പരാതിയിന്മേലും അഴിമതി നിരോധന നിയമം 1988 പ്രകാരമുള്ള പ്രാഥമികാന്വേഷണത്തിന് അനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണെന്നും തൃക്കാക്കര എം.എൽ.എ. ശ്രീ. പി. റ്റി. തോമസ് റിയൽ എസ്റ്റേറ്റ് ബിസിനസ്സുകാരുമായി ഇടപ്പള്ളി കേന്ദ്രമാക്കി സാമ്പത്തിക

തിരിമറിയും നികുതി വെട്ടിപ്പും നടത്തിയെന്ന വിഷയത്തിൽ വിജിലൻസ് വകുപ്പ് പ്രാഥമികാന്വേഷണവും നീലേശ്വരം ജ്വല്ലറിത്തട്ടിപ്പ്, സോളാർ തട്ടിപ്പ് എന്നിവയിന്മേൽ തുടർനടപടികളും സ്വീകരിച്ചു വരികയാണെന്നും മുഖ്യമന്ത്രി അറിയിച്ചു. പാലാരിവട്ടം പാലം അഴിമതി സംബന്ധിച്ച കേസിൽ ശ്രീ. സുമിത്ത് ഗോയൽ (മാനേജിംഗ് ഡയറക്ടർ, ആർ.ഡി.എസ്. പ്രോജക്ട്സ് ലിമിറ്റഡ്) ശ്രീ. ടി. തങ്കച്ചൻ (മുൻ അഡീഷണൽ ജനറൽ മാനേജർ, ആർ.ബി.ഡി.സി.കെ), ശ്രീ. ബെന്നി പോൾ (ജോയിന്റ് ജനറൽ മാനേജർ, കിറ്റ്കോ), ശ്രീ. ടി. ഒ. സൂരജ് (മുൻ പൊതുമരാമത്ത് സെക്രട്ടറി), ശ്രീ. ബി. വി. നാഗേഷ് (മാനേജിംഗ് പാർട്ണർ, നാഗേഷ് കൺസൾറ്റൻസി, ബാംഗ്ലൂർ), ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (മുൻ പൊതുമരാമത്ത് മന്ത്രി) എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും ട്രാവൻകൂർ ടൈറ്റാനിയം മാലിന്യ നിർമ്മാർജ്ജന പ്ലാന്റുമായി ബന്ധപ്പെട്ട അഴിമതി ആരോപണത്തിന്മേൽ വിവിധ കാരണങ്ങളാൽ കേസന്വേഷണം ഏറ്റെടുക്കാൻ സി.ബി.ഐ.-യ്ക്ക് സാധിക്കില്ലെന്നുള്ള നിലപാടാണ് കേന്ദ്ര പേഴ്സണൽ മന്ത്രാലയം സ്വീകരിച്ചിരിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. അഴിമതിരഹിത ഭരണം കാഴ്ചവയ്ക്കുന്നതിന്റെ ഫലമായി നിരവധി ബഹുരാഷ്ട്ര കമ്പനികൾ സംസ്ഥാനത്ത്

നിക്ഷേപം നടത്താനും പുതിയ സംരംഭങ്ങൾക്ക് തുടക്കം കുറിക്കാനുമായി മുന്നോട്ടുവന്നിട്ടുണ്ടെന്നും തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-നുണ്ടായ പരാജയം മറച്ചുവയ്ക്കാനാണ് പുതിയ ആരോപണവുമായി പ്രതിപക്ഷം മുന്നോട്ടുവന്നിരിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 417 ചോദ്യങ്ങളിൽ 43 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)